"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - റാന്നി പെരുനാട് ഗ്രാമ പഞ്ചായത്തിലെ വാർഡ് മെമ്പർ ശ്രീ. അരുൺ അനിരുദ്ധൻ കരാറുകാരെ ഭീഷണിപ്പെടുത്തി പണം വാങ്ങുന്നതായും അപ്രകാരം അഴിമതി നടത്തുന്നതായും ഉള്ള ആരോപണങ്ങൾ സംബന്ധിച്ച് ടി പഞ്ചായത്തിന് ലഭിച്ച ശ്രീ. അനിൽകുമാർ എന്നയാളുടെ പരാതി - 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 ജെ പ്രകാരം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുളള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.828/2024/LSGD തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-

1. 26.12.2023 തീയതിയിലെ 17/1 നമ്പർ റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 8.2.2024-ലെ LSGD/JD/PTA/621/2014-A1 നമ്പർ കത്ത്
3. വിജിലൻസ് ഡയറക്ടറുടെ 28.02.2024 ലെ CPSP-2-7466/2024/DVACB നമ്പർ കത്ത്.

**ഉത്തരവ്**

റാന്നി പെരുനാട് ഗ്രാമ പഞ്ചായത്തിലെ 14-ാം വാർഡ് മെമ്പർ ശ്രീ. അരുൺ അനിരുദ്ധൻ കരാറുകാരെ ഭീഷണിപ്പെടുത്തി പണം വാങ്ങുന്നതായും അപ്രകാരം അഴിമതി നടത്തുന്നതായും ഉള്ള ആരോപണങ്ങൾ സംബന്ധിച്ച് ടി പഞ്ചായത്തിന് ലഭിച്ച ശ്രീ. അനിൽകുമാർ എന്നയാളുടെ പരാതിയിൽ 26.12.2023 -ൽ കൂടിയ റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ യോഗത്തിൽ ഹാജരായ 10 അംഗങ്ങളിൽ 9 പേരും ടിയാനെതിരെ സമഗ്രവും നീതിപൂർവ്വമായ അന്വേഷണം നടത്തുന്നതിന് ആവശ്യമുന്നയിക്കുകയും ബഹ.മുഖ്യമന്ത്രി, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി, ഓംബുഡ്സ്മാൻ, ലോകായുക്ത, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എന്നിവരോട് അഭ്യർത്ഥിച്ച് പരാമർശം - (1) പ്രകാരം തീരുമാനം കൈക്കൊള്ളുകയുമുണ്ടായി. ടി വിഷയത്തിൽ വിജിലൻസ് ബ്യൂറോ മുഖേനയുള്ള ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ആവശ്യമാണെകിൽ തുടർ ഉത്തരവ് ലഭ്യമാക്കുന്നതിന് പരാമർശം - (2) പ്രകാരം വിജിലൻസ് ഡയറക്ടർ അറിയിക്കുകയുണ്ടായി

2) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. റാന്നി പെരുനാട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ യോഗത്തിൽ ഹാജരായ 10 അംഗങ്ങളിൽ 9 പേരും വാർഡ് മെമ്പർ ശ്രീ. അരുൺ അനിരുദ്ധനെതിരെ അന്വേഷണം വേണമെന്നാവശ്യപ്പെട്ട സാഹചര്യത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ്

271 ജെ പ്രകാരം ഈ വിഷയം, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ,സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ[LSGD-EM2/60/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar.d
Date: 09-05-2024 15:36:35

സെക്ഷൻ ഓഫീസർ

പകർപ്പ്;- പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.